


സംസ്ഥാന കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) ആഭിമുഖ്യത്തിൽ 'നീര ഉൽപ്പാദനവും വിപണനവും പ്രായോഗികമോ?' എന്ന സെമിനാർ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ ഉദ്ഘാടനംചെയ്യുന്നു

# നീര ഉൽപാദന നിർദേശത്തിനു പിന്നിൽ വിദേശമദ്യലോബി: കെ എം സുധാകരൻ

സ്വന്തം ലേഖകൻ

കോഴിക്കോട്: നീര ഉൽപാദിപ്പിക്കണമെന്ന നിർദേശത്തിനുപിന്നിൽ വിദേശ മദ്യലോബിയും മദ്യനിരോധനക്കാരും ചില മത സംഘടനകളുമാണെന്ന് സംസ്ഥാന കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) പ്രസിഡന്റ് കെ എം സുധാകരൻ പറഞ്ഞു. ഫെഡറേഷൻ ആഭിമുഖ്യത്തിൽ 'നീര ഉൽപാദനവും വിപണനവും പ്രായോഗികമോ?' എന്ന സെമിനാറിൽ വിഷയം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

കള്ളുചെത്ത് വ്യവസായ മേഖലയെ തകർക്കുന്നത് വിദേശ മദ്യലോബികൾക്ക് ഗുണം ചെയ്യും. നീര ഉൽപാദനത്തിന് അമിതാവേശം കാണിക്കുന്ന ശാസ്ത്രജ്ഞരുടെ ഉദ്ദേശ്യശുദ്ധിയിൽ സംശയമുണ്ട്. യുക്തിയും അടിസ്ഥാനവുമില്ലാത്ത നിർദേശമാണ് അവർ മുന്നോട്ടുവയ്ക്കുന്നത്. നാളികേരത്തിന്റെ വിലയിടിവിന് കാരണം പാമോയിലിന്റെ ഇറക്കുമതിയാണെന്ന് പറയാൻ ശാസ്ത്രജ്ഞർ തയ്യാറാകുന്നില്ല. നീര ഉൽപാദനത്തിലൂടെ കർഷകർക്ക് ഉണ്ടാകുന്ന നേട്ടം എന്തെന്ന് വിശദീകരിക്കാൻ അവർക്ക് കഴിയുന്നില്ല.

പ്രായോഗികമല്ലാത്ത നിർദേശം വച്ച് കള്ളുചെത്ത് വ്യവസായത്തെ തകർക്കാൻ അനുവദിക്കില്ല. പൊളിഞ്ഞനിർദേശത്തിലൂടെ വാദകോലാഹലങ്ങൾ ഉണ്ടാക്കി ഈ മേഖലയുടെ പ്രസക്തി നഷ്ടപ്പെടുത്താനാണ് ശ്രമം. കള്ളുചെത്ത് വ്യവസായം പ്രതിസന്ധി നേരിടുന്ന പ്രദേശങ്ങളിൽ നീര ഉൽപാദിപ്പിക്കാമെന്ന നിർദേശം കള്ളുചെത്ത് വ്യവസായത്തിന് ചരമക്കുറിപ്പ് എഴുതുന്നതിന് തുല്യമാണെന്നും അദ്ദേഹം പറഞ്ഞു.

സെമിനാർ സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് ടി പി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി ടി ദാസൻ അധ്യക്ഷനായി. സംസ്ഥാന കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ (സിഐടിയു) ജനറൽ സെക്രട്ടറി ടി കൃഷ്ണൻ, കള്ളുചെത്ത് ക്ഷേമനിധി ബോർഡ് അംഗം പി പി കരുണാകരൻ, ഫാദർ ആന്റണി കൊഴുവിനാൽ, സംസ്ഥാന ചെത്ത് തൊഴിലാളി ഫെഡറേഷൻ (എഐടിയുസി) സെക്രട്ടറി ടി എൻ രമേശൻ, കർഷകസംഘം ജില്ലാ പ്രസിഡന്റ് പി വിശ്വൻ, കർഷക കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ഐപ്പു വടക്കേത്തടം, ടോഡി ആൻഡ് അബ്കാരി മസ്ദൂർ സംഘ് (ബിഎംഎസ്) ജനറൽ സെക്രട്ടറി എം കെ ഉണ്ണികൃഷ്ണൻ എന്നിവർ സംസാരിച്ചു. സ്വാഗതസംഘം ചെയർമാൻ പി ടി രാജൻ സ്വാഗതവും കൺവീനർ പി എ ചന്ദ്രശേഖരൻ നന്ദിയും പറഞ്ഞു.